# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 28** **March 2015** **No.12**

# എഡിറ്റോറിയൽ

അടുത്ത സമയത്ത് ആകാശത്ത് തീഗോളം കണ്ട് കേരളത്തിലെ ജനങ്ങൾ പരിഭ്രാന്തിയിലായ വാർത്ത നിങ്ങൾ വായിച്ചു കാണുമല്ലൊ. അത് ലോകം ഇനി തീയാൽ നശിപ്പിക്കുവാനിരിക്കുന്നു എന്ന അറിവ് നിമിത്തം ആയിരിക്കാം. പല രീതിയിലുള്ള ഭീതി ജനങ്ങളെ അലട്ടുന്നുണ്ട്. നിഷേധമായ ഭാവം ഉള്ളിൽ കിടക്കുന്നത് കാരണമാണ് പലരും പലതിനെയും കുറിച്ച് ഭയപ്പെടുന്നത്. നാളെ എന്തു സംഭവിക്കും എന്ന് ഭാവിയെ ഓർത്ത് ഭയപ്പെടുന്നവരുണ്ട്. ജോലി നഷ്ടപ്പെടുമോ, വിവാഹം കഴിച്ചാൽ എന്തായിരിക്കും സംഭവിക്കുക എന്നതിനെ കുറിച്ച് ചിന്തിച്ച് ഭയപ്പെടും. അവിചാരിതമായ അപകടങ്ങളെ ഓർത്ത് ഭയപ്പെടുന്നവരും ഇല്ലാതില്ല. കുട്ടികളുടെ വിദ്യാഭ്യാസം ഉയർച്ച എന്നിവയെ കുറിച്ചുള്ള ആശങ്കയുള്ള മാതാപിതാക്കൾ. മാതാപിതാക്കളെ ഭയപ്പെടുന്ന മക്കൾ. ഇങ്ങനെ ഭയത്തിന്റെ എണ്ണം അസംഖ്യമാണ്. എല്ലാ ഭയത്തെയും നമുക്ക് രണ്ടായി ചുരുക്കി മനസിലാക്കാം. ഭൗതികമായും ആത്മികമായും. കുറ്റബോധം നിമിത്തം ഉണ്ടാകുന്ന ഭയമാണ് ആദ്യ മനുഷ്യരായ ആദാമിലും ഹവ്വയിലും ഉണ്ടായത്. ദൈവം അവരോട് തിന്നരുത് എന്നു കൽപിച്ച വൃക്ഷഫലം അവർ പറിച്ചു തിന്നതിനാലാണ് ദൈവത്തെ ഭയപ്പെട്ടത്. നിയമലംഘനം പലരെയും ഭീതിയിലാഴ്ത്തും.

കുറ്റവാളികളുളെ കുറ്റം കണ്ടുപിടിക്കപ്പെടുമോ എന്ന ഭയമാണ് അവരെ അലട്ടിക്കൊണ്ടിരിക്കുന്നത്. എങ്ങനെയായാലും മനുഷ്യമനസിൽ ഉത്ഭവിക്കുന്ന ഈ നിഷേധ ഭാവം മാറ്റി ഓരോരുത്തരെയും ഉത്തേജിപ്പിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനുമാണ് ദൈവം തന്റെ പുതിയ

നിയമം നമ്മുടെ ഉള്ളിലാക്കി ഹൃദയത്തിലും മനസിലും എഴുതും എന്നു പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ മുന്നറിവാണ് അതു ചെയ്യുവാൻ അവനെ പ്രേരിപ്പിച്ചത്. അജ്ഞത നിമിത്തം ഭയപ്പെടുന്നവരുടെ ഭയം അകറ്റുവാനുതകുന്ന ഒന്നാണ് തിരുവചനം. അതുകൊണ്ടാണ് സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാൻ ദൈവം ആഗ്രഹിക്കുന്നത്. നമ്മെ സുരക്ഷിതമായി കാക്കുവാനും അതേ സമയത്ത് ശിക്ഷിക്കുവാനും കഴിവുള്ളത് സർവ്വശക്തനായ ദൈവത്തിനാണ്. ഭൗതികമായതോ ആത്മികമായതോ ആയ ഭീതി ഒഴിവാക്കുവാൻ ദൈവത്തിന് മാത്രമെ കഴിയു.

നമ്മുടെ ജീവിതത്തിൽ നമുക്ക് എല്ലാവർക്കും ക്രിയാത്മക ശേഷിയാണ് വേണ്ടത്. അതിനു തടസമായി നിൽക്കുന്നത് നമ്മുടെ ഭീതിയാണ്. സമൂഹത്തെ അല്ലെങ്കിൽ സമുദായത്തെ ഭയന്നു ദൈവത്തെ അനുസരിക്കാതിരിക്കുന്നവർ ധാരാളമുണ്ട്. നാം മനുഷ്യരെയല്ല ദൈവത്തെയാണ് ഭയപ്പെടേണ്ടത്. ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. അവൻ സർവ്വജ്ഞാനിയാണ്. ദൈവത്തിന്റെ മുന്നറിയിപ്പുകൾ അപകടം ഒഴിവാക്കുവാൻ നമ്മെ സഹായിക്കുന്നു. അവന്റെ വാഗ്ദാനങ്ങൾ നമ്മെ പ്രത്യാശയുള്ളവരാക്കുന്നു. ഓരോ വ്യക്തിക്കും എന്തെല്ലാം ആവശ്യമുണ്ടെന്ന് ദൈവത്തിന് അറിയാം. രോഗത്തെ കുറിച്ചോ അല്ലെങ്കിൽ മരണത്തെ കുറിച്ചോ ഭയപ്പെടുന്നവരോട് യേശു നൽകുന്ന സന്ദേശം, "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്നാണ്. ഭൗതികമരണത്തേക്കാൾ നാം ഭയപ്പെടേണ്ടത് നിത്യ മരണത്തെയാണ്. ദൈവത്തെ അറിയാതെ, സുവിശേഷം അനുസരിക്കാതെ മരിച്ചുപോയാൽ പിന്നെ നിത്യമരണമാണ് സംഭവിക്കുവാനിരിക്കുന്നത്. അത് ഒഴിവാക്കുവാൻ ജീവിച്ചിരിക്കുമ്പോൾ കഴിയും.

ദൈവത്തിലും അവന്റെ പുത്രനായ യേശുവിലും വിശ്വസിക്കുക. രക്ഷിക്കുന്നതും ജീവിപ്പിക്കുന്നതുമായ വചനം സൗമ്യതയോടെ കൈക്കൊള്ളുക. പാരമ്പര്യമോ, സമുദായമോ പഠിപ്പിക്കുന്നതല്ല, പിന്നെയോ ദൈവം എന്തു പഠിപ്പിക്കുന്നു എന്നു പരിശോധിച്ച് അതാണ് അനുസരിക്കേണ്ടത്. പാപങ്ങളിൽനിന്ന് പൂർണ്ണമായി വിട്ടു നിൽക്കയും യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയുകയും പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്താൽ അവൻ നിങ്ങളെ രക്ഷിക്കുകയും അവന്റെ സഭയോട് ചേർക്കുകയും ചെയ്യും. തുടർന്ന് മരണത്തോളം വിശ്വസ്തമായി അവന്റെ സഭയിൽ നിലനിന്നാൽ ഭയപ്പെടേണ്ട.

# അന്യോന്യം ഉള്ള ജീവിതം

## *J.C.* ചോട്ട്

ലോകത്തിൽ നിറയെ ആളുകളാണ്. ഈ ഭൂമിയിൽ ഏതാണ്ട് ഏഴു ബില്യൻ ആത്മാക്കളാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. അതു മാത്രമല്ല, ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. ഇതിൽ അനവധി ആളുകൾ ജീവിക്കുന്നത് ഏഷ്യയിലാണ്. അവയെല്ലാം മനുഷ്യന്റെ ഭൗതികവും ആത്മികവുമായ ആവശ്യങ്ങളെ ആണ് ബോധ്യപ്പെടുത്തുന്നത്. മറ്റൊരു കാര്യം, ഈ ആളുകൾ എല്ലാം ഒരുമിച്ചു, തിങ്ങി ഞെരുങ്ങിയ അവസ്ഥകളിൽ പോലും ജീവിക്കുന്നു. അതിനർത്ഥം അവർ എല്ലാവരുമായി ഒത്തുപോകുവാൻ ശീലിച്ചിരിക്കുന്നു എന്നതാണ്. നല്ല ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുവാൻ ദേശങ്ങൾ ബുദ്ധിമുട്ടുമ്പോൾ, മനുഷ്യർക്ക് വ്യക്തിപരമായ ജീവിതത്തിൽ എന്തുകൊണ്ടാണ് അനേക പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. തീർച്ചയായും ചിലപ്പോൾ ദേശം പ്രാദേശിക സമൂഹത്തിലെ സംഭവങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നു. അതു ഒരു പക്ഷെ ശരിയുമായിരിക്കാം. നമുക്ക് വ്യക്തികളുമായി അന്യോന്യം ഒത്തുപോകാൻ കഴിയുന്നില്ല എങ്കിൽ, പിന്നെ എങ്ങനെ ഒരു ദേശത്തിനു മുഴുവൻ പ്രശ്നങ്ങൾ ഇല്ലാതെ മുമ്പോട്ടു പോകുവാൻ കഴിയും?

ഒരു മനുഷ്യനും ഒരു ദ്വീപ് അല്ല എന്ന് ആരോ പറഞ്ഞിട്ടുണ്ട്. അതിനർത്ഥം ആർക്കും ഈ ലോകത്ത് സ്വയം-പര്യാപ്തതയോടെ തനിക്കു തന്നെ ആരുടെയും സഹായം ഇല്ലാതെ ജീവിക്കുവാൻ സാധ്യമല്ല. നേരെ മറിച്ച്, നമുക്ക് ദൈവവും അന്യോന്യം ഉള്ള മനുഷ്യബന്ധവും ആവശ്യമാണ്. മനുഷ്യൻ ഒരു ആത്മീയ ജീവി ആയതുകൊണ്ട്, അവന് ദൈവ സഹായം ആവശ്യമാണ്, എന്നാൽ അവനൊരു സാമൂഹ്യ ജീവിയും കൂടെയാണ്, അതിനർത്ഥം അവനു ചുറ്റുപാടും ജീവിക്കുന്ന മനുഷ്യർ ആവശ്യമാണ്.

ആത്മീയ ആവശ്യങ്ങളിൽ, നാം ദൈവത്തെയും അവന്റെ പുത്രനായ യേശുവിനെയും അറിയണം. നാം ബൈബിൾ വായിക്കുകയും ഗ്രഹിക്കുകയും ചെയ്താൽ നമ്മിൽ വിശ്വാസം ജനിക്കും (റോമർ 10:17), എന്നാൽ നമ്മിൽ അവന്റെ ഇഷ്ടം എന്തെന്ന് നാം തിരിച്ചറി

യുകയും ആ ഇഷ്ടം നാം അനുസരിക്കുകയും ചെയ്യും. കർത്താവുമായി ശരിയായ ബന്ധം ലഭിച്ചാൽ പിന്നെ സഹമനുഷ്യരുമായി നല്ല ബന്ധം പുലർത്തുവാൻ നമുക്ക് കഴിയും.

നാം ഈ ലോകത്തിൽ നമ്മുടെ മാതാപിതാക്കളോടും, സഹോദരങ്ങളോടും, സഹോദരിമാരോടും, ബന്ധുക്കളോടും സ്നേഹിതരോടും കൂടെ ജീവിക്കുന്നു. വിവാഹം കഴിഞ്ഞവർ അവരുടെ ഭർത്താക്കന്മാരോടും ഭാര്യമാരോടും, മക്കളോടും ഒന്നിച്ചു ജീവിക്കുന്നു. ക്രിസ്ത്യാനികൾക്ക്, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾക്ക്, അന്യോന്യം ഏർപ്പാടുകൾ ഉണ്ടാകുന്നു. ഇത് നല്ലൊരു മനോഭാവം നമ്മിൽ ഉളവാക്കുന്നു. സാഹചര്യങ്ങൾക്ക് അതീതമായി, ക്രിസ്തീയ മനോഭാവത്തോടെ നാം സഹോദരങ്ങളോട് പ്രതികരിക്കുന്നു.

നമുക്ക് പിൻപറ്റുവാൻ കർത്താവ് ശക്തമായ ഒരു മാതൃക തന്നിരിക്കുന്നു. അതുപോലെ ഒരുമിച്ച് ജീവിക്കുവാൻ ഉതകുന്ന ഉപദേശങ്ങളും, തത്വങ്ങളും നൽകിയിട്ടുണ്ട്. ഇവയെല്ലാം നാം അന്യോന്യം ബന്ധപ്പെട്ട് ഒരുമിച്ച് ജീവിക്കേണ്ടതിനാണ് (1 പത്രൊസ് 2:21).

നമ്മുടെ ജീവിതത്തിൽ, ഇദം പ്രഥമമായി ഉണ്ടാകേണ്ടത് സ്നേഹമാണെന്ന് ക്രിസ്തു നമ്മെ പഠിപ്പിച്ചിരിക്കുന്നു. നാം ദൈവത്തെയും, നമ്മുടെ അയൽക്കാരെയും സ്നേഹിക്കണം എന്ന് കർത്താവ് പഠിപ്പിച്ചു (മത്തായി 22:36-39). നാം അയൽക്കാരെ സ്നേഹിക്കേണ്ടത് നമ്മെ പോലെ തന്നെയാണ്. നമ്മുടെ ശത്രുക്കളെയും സ്നേഹിക്കണം എന്ന് അവൻ കല്പിച്ചിരുന്നു. നിങ്ങൾ അതു വിശ്വസിക്കുന്നുണ്ടോ? അവൻ പറഞ്ഞു, “ഞാനോ നിങ്ങളോടു പറയുന്നു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ പകയ്ക്കുന്നവർക്ക് നന്മ ചെയ്യുക, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവിൻ” (മത്തായി 5:44). എല്ലാവരും ഇത് പരിശീലിച്ചാൽ നമ്മുടെ ലോകം എത്ര വ്യത്യാസമുള്ളത് ആയിരിക്കും എന്നു ചിന്തിച്ചു നോക്കുക. അത് സാധ്യമോ? തീർച്ചയായും സാധ്യമാണ്. നാം ചെയ്യേണ്ടതു എന്തെന്നാൽ കർത്താവു പറഞ്ഞിട്ടുള്ളത് അതേപടി അനുസരിക്കുക. ക്രിസ്തു പറഞ്ഞു, “നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ഇതിനാൽ സകല മനുഷ്യരും അറിയും” (യോഹന്നാൻ 13:34).

രണ്ടാമത്, ആരെങ്കിലും നമുക്ക് എന്തെങ്കിലും ചെയ്യണമെന്ന് നാം ഇച്ഛിച്ചാൽ നാം അത് അവർക്ക് ചെയ്യണം (മത്തായി 7:12).

ഇതിനെ സുവർണ്ണനിയമം എന്നു വിളിക്കുന്നു. തീർച്ചയായും അത് അങ്ങനെ തന്നെയാണ്. എന്നാൽ വീണ്ടും, നമ്മളെ പകയ്ക്കുന്നവർക്ക് നന്മ ചെയ്യുക എന്നു പറഞ്ഞതിൽ അവൻ കുറച്ചു കൂടെ മുമ്പോട്ട് ഗമിക്കുകയാണ് (ലൂക്കൊസ് 6:27). പൗലൊസ് പറഞ്ഞു "ആകയാൽ അവസരം കിട്ടും പോലെ, എല്ലാവർക്കും നന്മ ചെയ്യുക, പ്രത്യേകിച്ച് വിശ്വാസത്തിൽ ആയിരിക്കുന്നവർക്ക് വേണ്ടി" (ഗലാത്യർ 6:10).

മൂന്നാമത്, നമുക്ക് എതിരായി തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കുവാനുള്ള മനസ്സ് നമുക്കുണ്ടാകണം. ക്രിസ്തു ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത്, "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതു പോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോട് ക്ഷമിക്കേണമേ (മത്തായി 6:12). അവൻ വീണ്ടും പറയുന്നു, "നിങ്ങൾ മനുഷ്യരുടെ അകൃത്യങ്ങൾ ക്ഷമിച്ചാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ അകൃത്യങ്ങൾ ക്ഷമിക്കും: എന്നാൽ നിങ്ങൾ അവരുടെ അകൃത്യങ്ങൾ ക്ഷമിക്കുന്നില്ലെങ്കിലോ നിങ്ങളുടെ അകൃത്യങ്ങൾ പിതാവും ക്ഷമിക്കുകയില്ല (മത്തായി 6:14, 15). എത്ര പ്രാവശ്യം സഹോദരനോട് ക്ഷമിക്കണമെന്ന് പത്രൊസ് യേശുവിനോട് ചോദിച്ചു. ഏഴുപ്രാവശ്യം മതിയോ എന്നും അവൻ ചോദിച്ചു. പിന്നെ നാം വായിക്കുന്നത്, "യേശു അവനോട്, ഏഴു പ്രാവശ്യമല്ല ഏഴ് ഏഴുപത്വട്ടം എന്ന് പറഞ്ഞു" (മത്തായി 18:22). അങ്ങനെ പറഞ്ഞതിൽ നിന്ന് യേശു അർത്ഥമാക്കിയത് ക്ഷമിക്കുവാൻ യാതൊരു പരിധിയും ഇല്ല എന്നാണ്. ക്ഷമ ചോദിക്കുന്നവരോട് നാം ക്ഷമിക്കുക തന്നെ വേണം.

നാലാമത്, നാം അന്യോന്യമുള്ള ബന്ധത്തിൽ നമ്മുടെ ഇടപാടുകൾ സത്യസന്ധമായിരിക്കണം. പൗലൊസ് പറഞ്ഞു, "ഞങ്ങൾ കർത്താവിന്റെ മുമ്പാകെ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും യോഗ്യമായതു കരുതുന്നു (2 കൊരിന്ത്യർ 8:21). അതിനർത്ഥം നാം ഒരിക്കലും കള്ളം പറയാതെ എല്ലായ്പ്പോഴും സത്യം മാത്രം സംസാരിക്കണം എന്നാണ്.

നമുക്ക് അന്യോന്യം ബന്ധപ്പെട്ടുകൊണ്ടുള്ള ജീവിതത്തിൽ സഹായിക്കുന്ന ധാരാളം ഘടകങ്ങൾ ദൈവം നല്കിയിട്ടുണ്ട്. പൗലൊസ് ദൈവീകമായ ആ സഹായങ്ങളെക്കുറിച്ച് പറയുന്നു: "സ്നേഹം നിർവ്യാജമായിരിക്കട്ടെ, തീയതിനെ വെറുത്തു നല്ലതിനോടു പറ്റികൊൾവിൻ. സഹോദര പ്രീതിയിൽ തമ്മിൽ സ്ഥായി

പൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ. ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ. ആശയിൽ സന്തോഷിപ്പിൻ, പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥി സൽക്കാരം ആചരിക്കുകയും ചെയ്‌വിൻ നിങ്ങളെ ഉപദ്രവിക്കുന്നവരെ അനുഗ്രഹിപ്പിൻ ശപിക്കാതെ അനുഗ്രഹിപ്പിൻ. സന്തോഷിക്കുന്നവരോട് കൂടെ സന്തോഷിക്കുകയും കരയുന്നവരോട് കൂടെ കരയുകയും ചെയ്‌വിൻ.

തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നു കൊൾവിൻ. നിങ്ങളെ തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്. ആർക്കും തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെ സകലമനുഷ്യരുടെയും മുന്നിൽ യോഗ്യമായതു മുൻ കരുതി കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ. പ്രിയമുള്ളവരെ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവ കോപത്തിന് ഇടം കൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത് ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളി ചെയ്യുന്നു.

അപ്പൊസ്തലനായ പത്രൊസ് പറഞ്ഞു, "തീർച്ചയ്ക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദര പ്രീതിയും മനസ്സലിവും വിനയ ബുദ്ധിയും ഉള്ളവരായിരിപ്പിൻ. ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിനു വിളിക്കപ്പെട്ടവരായതു കൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ. ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാൺമാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും അടക്കിക്കൊള്ളട്ടെ. അവൻ ദോഷം വിട്ടകന്നു ഗുണം ചെയ്യുകയും സമാധാനം അന്വേഷിച്ചു പിൻതുടരുകയും ചെയ്യട്ടെ (1 പത്രൊസ് 3:8-11). ഇങ്ങനെ നമുക്ക് തുടർന്നു കൊണ്ടിരിക്കാം, അങ്ങനെ ക്രിസ്തുവിന്റെ ഉപദേശവും തത്വവും ആളുകൾക്ക് നല്കിയിരിക്കുന്നത് അങ്ങനെതന്നെ സ്വീകരിക്കുകയും ചെയ്താൽ മനുഷ്യർക്ക് അന്യോന്യം ബന്ധപ്പെട്ട ജീവിതം ഭദ്രമാക്കാം.

# ക്രിസ്തുവിന്റെ സഭയുടെ ഉപദേശം

## ഫ്രാൻസിസ് ഡേവിഡ്

ക്രിസ്തുവിന്റെ സഭയിലുള്ള നാം കാലാകാലങ്ങളിൽ നേരിട്ടുകൊണ്ടിരിക്കുന്ന ആരോപണമാണ്, നാം ക്രിസ്തുവിന്റെ സഭയ്ക്കു ഉപദേശം ഉണ്ടാക്കിയിരിക്കുന്നുവെന്നും അതാണ് ക്രിസ്തുവിന്റെ സഭയുടെ ഉപദേശം എന്നതും. ഞങ്ങൾക്കു ഞങ്ങളുടേതായ ഉപദേശമില്ല, പകരം ഞങ്ങൾ പറയുന്നതും പഠിപ്പിക്കുന്നതും ക്രിസ്തു പഠിപ്പിച്ച ഉപദേശ രൂപമാണ്. ക്രിസ്തുവിന്റെ അധികാരത്താൽ മറ്റുള്ളവരെ പഠിപ്പിക്കയാണ് ചെയ്യുന്നത്. ക്രിസ്തുവിന്റെ ഉപദേശം ബൈബിളിൽ ഉൾപ്പെട്ടിരിക്കുന്നു. മുൻവിധികൂടാതെ അന്വേഷിച്ചാൽ അഥവാ പരിശോധിച്ചാൽ നിങ്ങൾക്കു ഞങ്ങൾ പഠിപ്പിക്കുന്നതു അങ്ങനെ തന്നെയോ എന്നു മനസിലാകും.

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും പ്രയോജനം ഉള്ളതു തന്നെ (2 തിമൊഥെയോസ് 3:16). തിരുവെഴുത്തുകൾ എല്ലാം തന്നെ ഉപദേശിപ്പാൻ പ്രയോജനമുള്ള ദൈവശ്വാസീയമായ വാക്യങ്ങളാണ്. വാക്യങ്ങൾ എവിടെ സംസാരിക്കുന്നുവോ അവിടെ സംസാരിക്കയും വാക്യങ്ങൾ എവിടെ നിശബ്ദമായിരിക്കുന്നുവോ അവിടെ നിശബ്ദത പാലിക്കയും ചെയ്യുന്നു. വചന വിരുദ്ധമായി ഞങ്ങൾ പഠിപ്പിക്കയോ പ്രസംഗിക്കയോ ചെയ്യുന്നില്ല. വാസ്തവത്തിൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ലെന്നു നമ്മെ മുന്നറിയിച്ചിട്ടുണ്ട് (വെളിപ്പാട് 22:18-19).

ബൈബിളിൽ പറഞ്ഞിട്ടുള്ളവയിൽ നിന്നു ചിലതു അവഗണിക്കുകയോ നീക്കം ചെയ്യുകയോ ഏതാനും കാര്യങ്ങൾ കൂട്ടിച്ചേർക്കുകയോ ചെയ്ത ക്രിസ്ത്യാനിത്വത്തെയാണ് ഇന്നു നാം മതപരമായി ലോകത്തു കാണുന്നത്. അതുകൊണ്ടാണ് ക്രിസ്ത്യാനിത്വം ഇന്നു അനേക വിഭാഗങ്ങളായി അകന്നു കഴിയുന്നത്. ബൈബിൾ പഠിപ്പിക്കാത്ത മനുഷ്യ കല്പനകൾ മനുഷ്യരെ പഠിപ്പിക്കുകയും ആളുകൾ അതിനെ അന്ധമായി പാലിക്കുകയും ചെയ്യുന്നു. അങ്ങനെ അവർ ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കാതെ വിട്ടുകളയുന്നു.



CMYK

അപ്പൊസ്തലനായിരുന്ന യോഹന്നാന്റെ കാലയളവിലും ഇത്തരം ആളുകൾ ഉണ്ടായിരിക്കണം. അതുകൊണ്ടാകാം ഇപ്രകാരം എഴുതിയിരിക്കുന്നതു: ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട് (2 യോഹന്നാൻ 9-11). വചനത്തിൽ മായം കലർത്തിയാണ് അനേകർ പഠിപ്പിക്കുന്നത്. എന്നാൽ ഞങ്ങളുടെ ഉപദേശം ബൈബിളുമായി ഒത്തുനോക്കുവാൻ വാക്യങ്ങൾ കൂടെ പറയുകയും രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്.

അടുത്ത സമയത്തു എന്റെ ഭാര്യ ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ഒരു മതാദ്ധ്യക്ഷനോടു ബൈബിൾ സംബന്ധമായി സംസാരിക്കയുണ്ടായി. ബൈബിളിലെ പ്രധാന വിഷയങ്ങളെ പരാമർശിച്ചു അവൾ സംസാരിക്കുന്നതിനിടയിൽ അദ്ദേഹം പറയുകയുണ്ടായി അതു ജെ.സി ചോട്ടിന്റെ ഉപദേശമല്ലേ എന്ന്. ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ള വേദവാക്യങ്ങളാണ് അവൾ എടുത്തു കാണിച്ചത്. എന്നിട്ടും അയാൾ ഇങ്ങനെ പറയുന്നതു കേട്ടപ്പോൾ അതിശയമായി തോന്നി. ഒരു പക്ഷെ അയാൾക്കു മാസിക കിട്ടുന്നുണ്ടായിരിക്കാം. സഹോദരൻ ചോട്ട് വളരെ സമർത്ഥനായ ഉപദേഷ്ടാവും എഴുത്തുകാരനുമായിരുന്നു. നല്ല നല്ല ലേഖനങ്ങൾ അദ്ദേഹം തയ്യാറാക്കി എഴുതിയിട്ടുണ്ട് പക്ഷെ അതെല്ലാം ബൈബിളിനെ ആസ്പദമാക്കിയാണ്. പറയുന്ന കാര്യങ്ങൾ ബൈബിൾ അനുസാരമെന്നു കാണിക്കുന്നതിനു മതിയായ വാക്യങ്ങളും ഉൾപ്പെടുത്തിയാണ് എഴുതുന്നത്. രക്ഷയെ കുറിച്ച് ആണെങ്കിൽ അതിനെ പറ്റി പറയുന്ന വേദഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കും. സഭയെ പറ്റിയാണെങ്കിൽ ക്രിസ്തു പണിയുമെന്ന് വാഗ്ദാനം ചെയ്തതും (മത്തായി 16:18) ആയ സഭ ഒന്നേയുള്ളു എന്നതും (എഫെസ്യർ 4:4) ആ സഭയുടെ തലയും രക്ഷിതാവും ക്രിസ്തു (എഫെസ്യർ 1:23, 5:22-27) ആണെന്നും പറയുമ്പോൾ അതു ഞങ്ങളുടെ ഉപദേശമല്ല ക്രിസ്തുവിന്റെ ഉപദേശമാണ്. സകലവും ശോധന ചെയ്യാൻ ബൈബിൾ പറയുന്നു (1 തെസ്സലൊനിക്യർ 5:21). ആരെങ്കിലും പറയുന്ന ഉപദേശങ്ങൾ സ്വീകരിക്കാതെ അതു ബൈബിളിൽ ഉണ്ടോ എന്നു പരിശോധിച്ച് ഉറപ്പ് വരുത്തുക (പ്രവൃത്തി 17:11).

ആർക്കും പരിശോധിക്കാൻ ഇന്നു ബൈബിൾ ലഭ്യമാണ്. ഞങ്ങൾ വളരെക്കാലമായി പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങൾ പലതുണ്ട്. സമയത്തിലും അസമയത്തിലും സത്യം പഠിപ്പിക്കുക എന്ന



CMYK

താണ് ഞങ്ങളുടെ ലക്ഷ്യം (2 തിമൊഥെയൊസ് 4:2). യേശു ക്രിസ്തുവിന്റെ സുവിശേഷം നമ്മെ ഭരമേല്പിച്ചിരിക്കയാണ്. നാം അതു സർവ്വലോകത്തിലേയും ആളുകളെ അറിയിക്കണം. കർത്താവിന്റെ കല്പനയാണത് (മത്തായി 28:18-19). ആ ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുത്തിരിക്കയാണ്. പാപികളായ മനുഷ്യർക്കു വേണ്ടി പാപം ചെയ്യാതിരുന്ന യേശുക്രിസ്തു മരിച്ചു. അടക്കം ചെയ്യപ്പെട്ട ക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു (1 കൊരിന്ത്യർ 15:1-4). ദൈവപദ്ധതിയനുസരിച്ചാണ് യേശു അങ്ങനെ ചെയ്തതു. യേശു ക്രിസ്തു ഉപദേശിച്ചതു ദൈവേഷ്ട പ്രകാരം മാത്രമായിരുന്നു. ആകയാൽ യേശുവിന്റെ ഉപദേശം എന്നാൽ ദൈവത്തിന്റെ ഉപദേശം എന്നാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ ദൈവം പറഞ്ഞിട്ടുണ്ട്. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. എല്ലാവരും മാനസാന്തരപ്പെടുവാനും യേശുവിനെ ദൈവുപുത്രൻ എന്നു ഏറ്റു പറയുവാനും പാപമോചനത്തിനായി വെള്ളത്തിൽ മുങ്ങൽ സ്നാനം ഏല്ക്കുവാനും ബൈബിൾ ഉപദേശിക്കുന്നു.

ഒരു മനുഷ്യൻ ഇത്രയും കാര്യങ്ങൾ ചെയ്യുമ്പോൾ അയാളെ ക്രിസ്തു രക്ഷിക്കയും തന്റെ സഭയോടു ചേർക്കുകയും ചെയ്യും (മർക്കൊസ് 16:16; റോമർ 6:3-4; പ്രവൃത്തികൾ 2:38; 22:16; 2:47). ചില ആളുകൾ പറയുന്നുണ്ട്: ക്രിസ്തുവിന്റെ സഭ സ്നാനത്തിന് കൂടുതൽ പ്രാധാന്യം കൊടുത്ത് സംസാരിക്കുന്നു എന്ന്. ബൈബിളിൽ പറയുന്ന സ്നാനത്തെയും അതിന്റെ ഉദ്ദേശത്തെയും ആളുകൾ അവഗണിച്ചതു കൊണ്ട് അതിനെ ഊന്നി പറയാതിരിക്കാൻ നിർവ്വാഹമില്ല. ക്രിസ്തുവിന്റെ സഭ ഒരു നാമധേയ വിഭാഗമല്ല; ക്രിസ്തുവിന്റെ സഭ എന്നു പറയുന്നത്, സഭ ക്രിസ്തുവിന്റെ ആയതു കൊണ്ടാണ്. മാനുഷിക വിശ്വാസപ്രമാണങ്ങൾ ഒന്നും ഞങ്ങൾ സ്വീകരിക്കുന്നില്ല. ബൈബിളിലെ സത്യം മാത്രം വിശ്വസിക്കുകയും അതു മാത്രം അനുസരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെ ആദരിക്കുന്നവർ അവന്റെ കല്പനകൾ അടങ്ങുന്ന പുതിയ നിയമത്തിലെ ഉപദേശങ്ങൾ കൈക്കൊള്ളും. ക്രിസ്തുവിനെ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ അവന്റെ ഉപദേശത്തെ അനുസരിക്കണം.

# സത്യാന്വേഷണം

## ബെറ്റി ബർട്ടൻ ചോട്ട്

കടയിൽ നിന്നു കൊണ്ടുവന്ന പൊതി അന്ത്രേയോസ് തുറന്നു. അവൻ റാഹേലിനായി വാങ്ങിക്കൊണ്ടു വന്ന ബൈബിൾ കാണുവാൻ ആകാംക്ഷയോടെ അവൾ അടുത്തു വന്നു. ഈ സമയത്തു അവൾ തന്റെ ബാല്യകാലത്തെ കുറിച്ചു ഓർത്തു പോയി. അവളുടെ അമ്മ അവൾക്കു പറഞ്ഞു കൊടുത്ത കഥകളെ കുറിച്ചും അവൾ ഓർത്തു. എന്നാൽ അവൾ വളർന്നു വന്നപ്പോൾ ആത്മീയ കാര്യങ്ങളെ അവഗണിച്ചു കളഞ്ഞല്ലോ എന്നോർത്തു അവളുടെ മനസിൽ ദുഃഖം തോന്നി.

വേറൊരു പുസ്തകവും കൂടെ എടുത്തു കൊണ്ടു അന്ത്രയോസ് പറഞ്ഞു: "കടക്കാരൻ ഇതുകൂടെ വിലെക്കു തന്നു" എന്ന്. ഓരോ വിഷയത്തെ കുറിച്ചു ബൈബിൾ എവിടെ പറയുന്നു എന്നു കണ്ടു പിടിക്കാൻ സഹായിക്കുന്ന കൺകോഡൻസ് ആണ് ഇത്. ഉദാഹരണമായി സ്നേഹം, വിശ്വാസം, രക്ഷ, സഭ എന്നിങ്ങനെ നമുക്ക് അറിയേണ്ട മുഖ്യവിഷയങ്ങളെ പരാമർശിക്കുന്ന വേദഭാഗങ്ങളെ അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

"ഓ അതു നന്നായി" എന്നു സന്തോഷത്തോടെ റാഹേൽ പറഞ്ഞു: നമുക്കു ബൈബിളിനെ കുറിച്ചു അധികമൊന്നും അറിവില്ലാത്തതുകൊണ്ടു വായിച്ചു മനസിലാക്കുവാൻ തീർച്ചയായും അതു പകരിക്കും. വാക്യങ്ങൾ പരസ്പരം എങ്ങനെയെല്ലാം ബന്ധപ്പെട്ടു കിടക്കുന്നു എന്നറിയുകയും ചെയ്യാം. ഇതായിരുന്നു റാഹേലിന്റെ മനസിൽ. ഇനി ഇപ്പോൾ എതാണ് ആദ്യം നോക്കേണ്ടത് എന്ന പരിഭ്രമത്തിലായിരുന്നു അവൾ. വൈകുന്നേരത്തെ ഭക്ഷണത്തിനു ശേഷം നമുക്കു ബൈബിൾ പഠനം രണ്ടായി വിഭാഗിച്ചു ആദ്യം മത്തായി എഴുതിയ സുവിശേഷത്തിൽ യേശു നമ്മോടു ചെയ്യാൻ പറഞ്ഞിരുന്ന കാര്യങ്ങൾ വായിച്ച് മനസിലാക്കാം. പിന്നീട് നമുക്കു കൺകോഡൻസിലെ വാക്കുകളിൽ ചിലതും അതിനെ പറ്റി പറയുന്ന വാക്യങ്ങളും പഠിക്കാം എന്നു വിചാരിക്കുന്നു എന്നു അന്ത്രയോസ് പറഞ്ഞു.

ഭക്ഷണമെല്ലാം കഴിച്ചു കഴിഞ്ഞു അന്ത്രയോസും റാഹേലും

കസേരകളിൽ ഇരുന്നു. മേശപ്പുറത്തു ബൈബിളും കൺകോഡൻസും നോട്ടുബുക്കും പേനയും എടുത്തു വെച്ചു. തുടങ്ങുന്നതിന് മുൻപ് അന്ത്രയൊസ് പ്രാർത്ഥിച്ചു. അവർ പഠിക്കുവാൻ പോകുന്ന കാര്യങ്ങൾ ശരിയായി മനസിലാക്കുവാൻ ദൈവ സഹായം അത്യാവശ്യമാണ്. തുടർന്നു നിശബ്ദമായി ഓരോരുത്തരും വേദഭാഗം സ്വയമായി വായിച്ചു. എന്നിട്ടു ഓരോരുത്തരും മനസിലാക്കിയ ആശയങ്ങൾ വ്യക്തമാക്കി. ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ അവയും ചർച്ച ചെയ്യാൻ തീരുമാനിച്ചു.

യേശുക്രിസ്തു ദൈവ പുത്രനാണെന്നു നാം വിശ്വസിക്കുന്നതുകൊണ്ടു നാം ഇനി രക്ഷയെ കുറിച്ചും സഭയെകുറിച്ചും എങ്ങനെ രക്ഷിക്കപ്പെടാമെന്നും മനസിലാക്കുന്നതല്ലേ കൂടുതൽ ഉത്തമം എന്നു റാഹേൽ ചോദിച്ചു. അതിനു അന്ത്രയോസ് അത് ശരിയാണ് എന്നു തല കുലുക്കി സമ്മതിച്ചു.

ഇതിനിടയിൽ റാഹേൽ വായിച്ചു കൊണ്ടിരുന്നപ്പോൾ യോഹന്നാൻ സ്നാപകൻ വന്നു ദൈവരാജ്യം അടുത്തിരിക്കുന്നു എന്നു പ്രസംഗിച്ചതു അവൾക്കു മനസിലായില്ല. എന്താണീ ദൈവരാജ്യം? അവൾ ഭർത്താവിനോടു ചോദിച്ചു. ആ ചോദ്യം എഴുതി വെക്കാൻ അവൻ ആവശ്യപ്പെട്ടു. എന്നിട്ടു അതിനെ സംബന്ധിച്ച വാക്യങ്ങൾ പരിശോധിക്കുവാൻ തുടങ്ങി. ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു യേശുക്രിസ്തുവും പ്രസംഗിച്ചു തുടങ്ങി (മത്തായി. 4:17).

“യേശുക്രിസ്തു പ്രസംഗിച്ച വിഷയം ആക കൊണ്ടു രാജ്യം പ്രാധാന്യമുള്ളതു തന്നെ ആയിരിക്കണം” റാഹേലിന്റെ കാഴ്ചപ്പാട് അതായിരുന്നു. അതേ അദ്ധ്യായം 23-ാം വാക്യത്തിൽ യേശു രാജ്യത്തിന്റെ സുവിശേഷമാണ് പ്രസംഗിച്ചത് എന്നു നാം വായിക്കുന്നു. രാജ്യത്തിന്റെ കാര്യങ്ങൾ എങ്ങനെയായിരിക്കും എന്നു തുടങ്ങിയ അനേക കാര്യങ്ങൾ അവൻ മലമേൽ വെച്ചു പ്രസംഗിച്ചു. ഇത്രയും പറഞ്ഞ് അവൾ രാജ്യത്തെ കുറിച്ച് പറയുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തി.

“ഒരു മനോഹരമായ വാഗ്ദാനം ഇവിടെയുണ്ടല്ലോ” അന്ത്രയൊസ് വായിച്ചു: ഇതു പറഞ്ഞിട്ടു അവൻ അവരോടു; “എന്തു തിന്നും എന്തു കുടിക്കും എന്നു നാളയെകുറിച്ച് വിചാരപ്പെടേണ്ട”.

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതൊടുകൂടെ ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും (മത്തായി 6:33).

ഇങ്ങനെയുള്ള പ്രേരണ നൽകുന്ന ഭാഗങ്ങൾ വളരെ വിലപ്പെട്ടതാണ്. കാരണം നാം നമ്മുടെ ജീവിതം ക്രമപ്പെടുത്തുകയാണല്ലോ എന്നു പറഞ്ഞു റാഹേൽ അവളുടെ പേനകൊണ്ടു അടയാളപ്പെടുത്തി. അല്പ നിശബ്ദതയ്ക്കു ശേഷം എന്താണ് മത്തായി 7:13, 14 വാക്യങ്ങൾ പറയുന്നതെന്നു റാഹേൽ ചോദിച്ചു. "ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്. അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ". അതിന്റെ അർത്ഥം യേശുവിന്റെ വഴി പ്രയാസമുള്ളതാണ് എന്നത്രെ.

അടുത്ത വാക്യം ശ്രദ്ധിക്കുക, അന്ത്രയൊസ് വായിച്ചു. കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു, അകമെയൊ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു. ഇതു ഇന്നത്തെ മതാദ്ധ്യക്ഷന്മാരെ കുറിച്ചല്ലേ പറയുന്നത്? റാഹേൽ ചോദിച്ചു. തെറ്റു പഠിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നവരെ എല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു.

യേശുവിന്റെ നാമത്തിൽ വളരെ കാര്യങ്ങൾ പലരും ചെയ്യുന്നതു പറഞ്ഞു കേൾക്കുന്നുണ്ടല്ലോ എന്നു റാഹേൽ പറഞ്ഞപ്പോൾ 21 ഉം 22 ഉം വാക്യങ്ങൾ വായിക്കണമെന്നു അന്ത്രയൊസ് പറഞ്ഞു. എന്നോടു കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്. കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യ പ്രവർത്തികൾ പ്രവർത്തിക്കുകയും ചെയ്തിട്ടില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. ഞാൻ അവരോടു ഒരു നാളും ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ല...അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും (വാക്യം 23).

✶

# എന്റെ നാളുകൾ എത്ര

## ക്ലെം തർമാൻ

നിങ്ങളുടെ സമയത്തെ കുറിച്ച് ശ്രദ്ധാലു ആയിരിക്ക, കാരണം നിത്യത ഉണ്ടാക്കപ്പെട്ടിരിക്കുന്നതു അതിനാലത്രെ എന്നു ആരോ പറയുകയുണ്ടായി. അതിലെ ദൈവ ശാസ്ത്രത്തെ നമുക്കു വാദിക്കാൻ കഴിയും. പക്ഷെ ആ പ്രസ്താവനയിൽ മൂല്യം ഉൾക്കൊള്ളുന്നുണ്ട് എന്ന് സമ്മതിക്കാതെ വയ്യ. ഏറ്റവും അമൂല്യമായൊരു വസ്തുവാണല്ലൊ സമയം. അതിനെ തിരികെ വാങ്ങുവാൻ നമുക്കു സാധ്യമല്ല. ജീവിതത്തിൽ നമുക്കു ഒഴിച്ചു കൂടാൻ പറ്റാത്തതും നമുക്കു നിയന്ത്രിക്കാൻ കഴിയാത്തതുമായ ഒന്നാണ് സമയം. ദൈവം തരുന്നതുകൊണ്ടാണ് നമുക്ക് അതു ഉപയോഗിക്കാൻ കഴിയുന്നത്. കഴിഞ്ഞ കാലത്തിലെ ഒരു ദിവസമോ, മണിക്കൂറോ, മിനിറ്റോ വീണ്ടും ജീവിക്കാനായി കൊണ്ടു വരുവാൻ സാദ്ധ്യമല്ല.

സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നതു: യഹോവ, എന്റെ അവസാനത്തേയും എന്റെ ആയുസു എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ നീ എന്റെ നാളുകളെ നാലു വിരൽ നീളമാക്കിയിരിക്കുന്നു. എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചു നിന്നാൽ ഒരു ശ്വാസമത്രെയാകുന്നു എന്നത്രെ (സങ്കീർത്തനങ്ങൾ 39:4-5). തന്റെ മരണം എങ്ങനെയായിരിക്കണമെന്നുള്ള അന്വേഷണം ആയിരുന്നില്ല ദാവീദിന്റേത്. പിന്നെയോ അനിശ്ചിതത്വത്തെയും സംക്ഷേപത്തേയും പറ്റിയായിരുന്നു ചിന്തിച്ചിരുന്നത്. കാരണം അനുഭവപ്പെടുന്ന സന്തോഷമെല്ലാം വളരെ വേഗത്തിൽ മാഞ്ഞു പോകുന്നതാണ്. മൃദുവായ വിവേകമുള്ള മനുഷ്യൻ ചിന്തിക്കുമ്പോൾ കിട്ടുന്ന പ്രതിഫലനം ഇതാണ്. സമയം നല്ല രീതിയിൽ ഉപയോഗിക്കുന്നതിനു അവർ “നാളുകളുടെ ദൈർഘ്യം” ആരാഞ്ഞു അന്വേഷിക്കുന്നു.

### സൂര്യനു കീഴുള്ള എല്ലാം മായ

അതിവേഗത്തിൽ ആണ് വർഷങ്ങളും മാസങ്ങളും ആഴ്ചകളും ദിവസങ്ങളും കടന്നു പോകുന്നത്. സമയം പറന്നു പോകുന്നതു

പോലെ നമുക്കു തോന്നുന്നു. ഭാവി വീക്ഷണത്തെ കാണുന്നവർക്കു ഭയപ്പാടുണ്ടാക്കുന്ന വേഗത്തിൽ ആണ് കാലം നീങ്ങുന്നത് ഒരു മൃദു ശരീരത്തോടുകൂടിയ ശിശുവിനെ നാം ആദ്യം കാണുന്നു. കുറെ കഴിയുമ്പോൾ നടക്കാൻ പോലും പ്രയാസപ്പെടുന്ന വാർദ്ധ്യക്യത്തിലെത്തിയതായി അയാളെ കണ്ടുമുട്ടുന്നു. കാലം ഓരോ വ്യക്തിയിലും ക്ഷയിപ്പിക്കുന്ന മാറ്റമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് സന്തോഷം നല്കിയ നാളുകൾ എല്ലാം വെറും ഓർമ്മമാത്രമായി അവശേഷിക്കുന്നു. മതിപ്പിനും പ്രതിഫലത്തിനുമായി ലോകത്തിലേക്കു നോക്കുന്ന ആളുകൾ അപരിഹാര്യമായ നിരാശയിലായിപ്പോകുന്നു.

ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ച ശലോമോൻ സഭാപ്രസംഗിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ആകാശത്തിൻ കീഴിൽ സംഭവിക്കുന്നതൊക്കെയും ജ്ഞാനത്തോടെ ആരാഞ്ഞറിയേണ്ടതിനു ഞാൻ മനസു വെച്ചു; ഇതു ദൈവം മനുഷ്യർക്കു കഷ്ടപ്പെടുവാൻ കൊടുത്ത വല്ലാത്ത കഷ്ടപ്പാടുതന്നെ. സൂര്യനു കീഴെ നടക്കുന്ന സകലപ്രവർത്തികളും ഞാൻ കണ്ടിട്ടുണ്ട്. അവയൊക്കെയും മായയും വൃഥാ പ്രയത്നവും അത്രേ (സഭാപ്രസംഗി 2:13-14). സന്തോഷം, സുഖം, ചിരി, വീഞ്ഞ് എന്നിവയിലെല്ലാം ശലോമോൻ നോക്കി. അനേകം ദാസന്മാരുണ്ടായിരുന്ന ധനാഢ്യൻ, ജ്ഞാനി, കീർത്തി കേട്ട രാജാവ് എന്നീ നിലയിൽ ലൗകീകമായ ഉയർന്ന വ്യക്തി ആവർത്തിച്ചു പറയുന്നത് "എല്ലാം മായ" എന്നാണ്. തന്റെ പുസ്തകം അവസാനിപ്പിക്കുന്നത് ഇപ്രകാരമാകുന്നു: എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചു കൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത് (സഭാപ്രസംഗി 12:13).

ഈ ലോകത്തിന്റെ വ്യർത്ഥ വാഗ്ദാനങ്ങളേയും അതിൽ ആശ്രയിക്കുന്നതിന്റെ മൗഢ്യത്തെയും യേശു മുന്നറിയിച്ചിട്ടുണ്ട്. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്; നിക്ഷേപം സ്വർഗ്ഗത്തിലാണെങ്കിൽ അത് സുരക്ഷിതമായിരിക്കും. അതിനായി മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കണം. അതോടുകൂടെ ഭൗതീകമായ ആവശ്യങ്ങൾ ദൈവം നിറവേറ്റി തരും (മത്തായി 6:9-20,

33). നിങ്ങൾക്കുള്ളതിനെ നോക്കി നിങ്ങളുടെ ജീവിതത്തെയും വിജയത്തെയും അളക്കുവാൻ നോക്കുന്നത് തെറ്റാണ്. സകലദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ; ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവനു ആധാരമായിരിക്കുന്നത് (ലൂക്കൊസ് 12:15). ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നില്ല; ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു ( 1 തിമൊഥെയൊസ് 6:7-9).

**നാം വിതെക്കുന്നതു നാം കൊയ്യും**

കാലാവസ്ഥ മാറി മാറി വരുന്നതു നമുക്ക് അനുഭവപ്പെടുന്നുണ്ട്. മഴക്കാലം കഴിഞ്ഞു മഞ്ഞുകാലവും പിന്നീട് വേനൽകാലവും ഉണ്ടാകുന്നു. കൃഷിക്കാർ വിതെക്കുകയും കൊയ്യുകയും ചെയ്യുന്നുണ്ട്. വിതെക്കുന്ന കാലവും കൊയ്യുന്ന കാലവും വ്യത്യസ്തമാണ്. ഒരു കൃഷിക്കാരന്റെ വീട്ടിൽ ജനിച്ചു വളർന്നതുകൊണ്ടു മനുഷ്യർ വിതെക്കുന്നതു തന്നെ കൊയ്യും എന്ന തത്വം ഞാൻ ബാല്യത്തിൽ തന്നെ പഠിച്ചിരുന്നു. പക്ഷെ ഇതു ജീവിതത്തിലും വാസ്തവമാണ്. വിതക്കുന്നവർ സുഖഭോഗത്തിൽ മുഴുകിയാൽ പിൽക്കാലത്തു ദുഃഖത്തിലും നിരാശയിലും ആയിരിക്കും. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചു കൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7-8). തെറ്റായ തിരഞ്ഞെടുപ്പിനെ പഴയ നിയമ പ്രവാചകൻ ഓർമ്മിപ്പിക്കുന്നുണ്ട്. അവർ കാറ്റു വിതെച്ചു ചുഴലിക്കാറ്റു കൊയ്യും (ഹോശേയാ 8:7). ഞാൻ കുറച്ചു മാത്രം വെിതെച്ചിട്ട് നല്ല വിളവു കിട്ടാതിരിക്കുന്നതു കൊണ്ടു പ്രാർത്ഥിച്ചാൽ എന്തു പ്രയോജനം? ഇന്നു നാം തിരഞ്ഞെടുക്കുന്നതിന്റെ ഫലമാണ് നാം നാളെ അനുഭവിക്കുന്നത്.

✶

# തികഞ്ഞ പ്രവാചകൻ

## *J.L.* ലിഫൈസ്സെ

ഒരു പ്രവാചകനെ ദൈവത്തിന്റെ വക്താവ് അല്ലെങ്കിൽ ദൈവത്തിനു വേണ്ടി സംസാരിക്കുന്നവൻ എന്നു നിർവ്വചിക്കാം. അസാധാരണമായ ജ്ഞാനം ഒരു പ്രവാചകനെ സ്വാധീനിച്ചിരിക്കും. ദൈവസന്ദേശം വിശ്വസിക്കുകയോ അവിശ്വസിക്കുകയോ ചെയ്യാം. ചിലപ്പോൾ അതു ഭാവിയിലേക്കുള്ള സന്ദേശമായിരിക്കും, അല്ലെങ്കിൽ ചില സംഭവ-ങ്ങളുടെ വിശദീകരണമോ വ്യാഖ്യാനമോ ആകാം. ഈ ദൈവശ്വാസീയ വാക്കുകളിൽ പ്രാധാന്യമർഹിക്കുന്നത് ദൈവത്തിന്റെ സ്വഭാവം, മനോഭാവം, നിർദേശം എന്നിവ വെളിപ്പെടുത്തിയിരിക്കുന്നതാണ്.

ആയിരക്കണക്കിനു വർഷങ്ങളോളം പ്രവാചകന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ധാരാളം പേർ ഉണ്ടായിരുന്നു. അവരിൽ ചിലർ സത്യത്തിലുള്ള പ്രവാചകന്മാരും ആയിരുന്നു. ഈ പ്രവാചകന്മാരിൽ വെച്ച് ശ്രേഷ്ഠനായ ഒരു സത്യ പ്രവാചകനെ നമുക്കു പരിചയപ്പെടുത്തി തരുന്നുണ്ട്. ഈ വലിയ പ്രവാചകൻ വരുന്നതിനു മുൻപു തന്നെ അവന്റെ ആവിർഭാവത്തെ മുന്നറിയിച്ചിരുന്നു (ആവർത്തനപുസ്തകം 18:15–22; പ്രവൃത്തി 30:20–23). അവനാണ് യേശുക്രിസ്തു എന്ന തികഞ്ഞ പ്രവാചകൻ. മൂന്നു കാലങ്ങളെയും പരിഗണിച്ചു നോക്കുമ്പോൾ തികഞ്ഞ പ്രവചനങ്ങൾ നല്കിയ ഒരു പരിപൂർണ്ണ പ്രവാചകനെ അവനിൽ നമുക്കു കാണാൻ കഴിയും.

**ഭൂതകാലം**

സമയം ആരംഭിക്കുമ്പോൾ പോലും ദൈവോദ്ദേശം അറിയപ്പെടുന്നവനായിരുന്നു യേശുക്രിസ്തു. അവൻ വചനമായിരുന്നു. എല്ലാം അവൻ മുഖാന്തരമാണ് സൃഷ്ടിക്കപ്പെട്ടതു (യോഹന്നാൻ 1:1–10; കൊലൊസ്യർ 1:16; എബ്രായർ 1:10). ദൈവികത്വത്തിന്റെ ഒരു ഭാഗമായിരുന്ന അവനെപ്പോലെ ശ്രേഷ്ഠതയുള്ള തികഞ്ഞവനായി മറ്റാരുമില്ല എന്നു തീർത്തു പറയാം (യോഹന്നാൻ 8:58; 10:30; 17:24) വചനത്തേക്കാൾ ഉയർന്ന രീതിയിൽ ദൈവ സന്ദേശം നല്കുവാൻ മറ്റൊന്നിനും സാധ്യമല്ല.

ദൈവം തന്റെ അരുളപ്പാടുകൾ മുൻകാലങ്ങളിലും പ്രവാചക ന്മാർ മുഖാന്തരം അരുളി ചെയ്തിരുന്നു എന്നാൽ ഈ അന്ത്യകാ ലത്ത് തന്റെ പുത്രൻ മുഖാന്തരം ആണ് നമ്മോടു അരുളിചെയ്യു ന്നത് ഒരു തികഞ്ഞ യാഗത്തിലൂടെ പ്രവചന നിറവേറൽ സംഭവി ച്ചത് നമ്മുടെ രക്ഷക്കു കാരണമായിത്തീർന്നു. നിങ്ങൾ കർത്താ വിന്റെ ഹിതം എന്തെന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടോ? ഇല്ലെ ങ്കിൽ ഇന്നു തന്നെ ബൈബിൾ പരിശോധിച്ച് സത്യം എന്തെന്ന് തിരി ച്ചറിഞ്ഞു പിൻപറ്റുമല്ലോ.

★

# രണ്ടു വ്യത്യസ്ത സ്ഥാപനങ്ങൾ അല്ല

## ദില്ലാർഡ് തർമാൻ

ക്രിസ്തുവിന്റെ രാജ്യവും കർത്താവിന്റെ സഭയും രണ്ടും രണ്ടു വ്യത്യസ്തമായ സ്ഥാപനങ്ങളാണ് എന്ന വിവാദം പലപ്പോഴും നാം കേൾക്കാറുണ്ട്. പാപത്തിൽ നിന്നു രക്ഷിക്കപ്പെട്ടു ക്രിസ്തുവിന്റെ രാജ്യത്തിലായി തീർന്നാൽ ആ വ്യക്തിക്കു ഇഷ്ടമുള്ള ഏതെങ്കിലും സഭയിൽ അംഗമായി ചേരാം എന്നു പോലും ചിലർ വാദിക്കുന്നതു കേൾക്കാം. ഇതിനെ തുടർന്നു ഒരു തെറ്റായ സിദ്ധാന്തം തന്നെ ഉട ലെടുത്തിട്ടുണ്ട്. അതായത് ഒരിക്കൽ രക്ഷപ്പെട്ടാൽ ആ രക്ഷ നഷ്ട പ്പെടുകയില്ല എന്നതാണ് അത്. ആ സഭ അയാളെ പുറന്തള്ളുകയോ അയാൾ സ്വയമായി പുറത്തു പോകയോ ചെയ്താലും അയാൾ ആദ്യം അംഗമായി കഴിഞ്ഞ ദൈവ രാജ്യത്തിൽ തന്നെ അയാൾക്കു കഴിയാം എന്നതാണ് അവരുടെ പക്ഷം. ഇങ്ങനെ പഠിപ്പിക്കുകയോ ചിന്തിക്കയോ ചെയ്യുന്നവർ തങ്ങളുടെ സഭയെ ദൈവ രാജ്യത്തിൽ നിന്നും വേർതിരിച്ചു നിർത്തിയിരിക്കുകയാണ്. ഇതിൽ അടങ്ങിയി രിക്കുന്ന അനൗചിത്യം നാം അറിയാതിരിക്കരുത്.

എന്നാൽ ദൈവത്തിന്റെ തിരുവെഴുത്തുകളെ സൂക്ഷ്മമായി പരി ശോധിച്ചാൽ സഭയും രാജ്യവും വാസ്തവത്തിൽ ഒരേ ഒരു സ്ഥാപ നമാണെന്നു തെളിയും. പരമാർത്ഥത്തിൽ ഭൂമിയിലെ ദൈവ രാജ്യ മാണ് സഭ എന്നു ബൈബിൾ കാണിക്കുന്നു. ആകയാൽ ലോക ത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട സംഘത്തെ

യാണ് സഭ എന്നു വിശദീകരിക്കുന്നത്. അതുകൊണ്ടു ക്രിസ്തുവിന്റെ രാജ്യത്തെ വളരെ വ്യക്തമായി തന്നെ ചിത്രീകരിച്ചിട്ടുണ്ട്. സഭയെന്ന ആശയം നമുക്ക് വേദ പുസ്തകത്തിൽ നിന്നു തന്നെ ഇതിനോടു സാമ്യപ്പെടുത്താനുള്ള തെളിവുകൾ ഉണ്ട്. രണ്ടിന്റെയും തിരിച്ചറിയാവുന്ന തെളിവുകൾ രണ്ടിനും ഉണ്ട്. അവ പരിശോധിച്ചാൽ രണ്ടും ഒന്നു തന്നെ എന്നു ബോധ്യപ്പെടും. നിങ്ങൾ തന്നെ രണ്ടിനേയും പ്രതിപാദിച്ചിരിക്കുന്ന വാക്യങ്ങൾ പരിശോധിച്ച് കണ്ടെത്തുക. ശ്രദ്ധാപൂർവ്വമായ ഒരു പഠനം നടത്തിയാൽ സഭയും രാജ്യവും ദൈവത്തിന്റെ ഒരേ ഒരു സ്ഥാപനമാണെന്ന സത്യം വെളിപ്പെട്ടു കിട്ടും.

**ആരംഭ തീയതിയും സ്ഥലവും**

രണ്ടിന്റെയും ആരംഭ സ്ഥലവും തീയതിയും ഒന്നു തന്നെയായിരുന്നു. അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവും ആയിരിക്കും. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ പർവ്വതം, ദൈവത്തിന്റെ ആലയം കുന്നുകൾക്കു മീതെ സ്ഥാപിതമാവും എന്നു പറഞ്ഞാൽ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഭരണം നില നിൽക്കെ ദൈവത്തിന്റെ ഭരണം സ്ഥാപിക്കും എന്നാണർത്ഥം.

ദൈവത്തിന്റെ ആലയം എന്താണെന്നു അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊഥെയോസ് 3:15). അപ്പോൾ യഹോവയുടെ ആലയമായ ദൈവത്തിന്റെ ഭവനമായ സഭ യെരുശലേമിൽ ആണ് സ്ഥാപിക്കുന്നത് എന്നു മുന്നറിയിച്ചിരുന്നു. യേശു, മരിച്ചു ഉയർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ സഭ സ്ഥാപിച്ചതോടെ മുൻപറഞ്ഞ പ്രവചനം നിവർത്തിയായി (പ്രവൃത്തി 2:1-47). അന്ത്യകാലത്തുണ്ടാകുമെന്നു പ്രവചിച്ച സഭയാണ് അതെന്നു പത്രൊസ് വ്യക്തമാക്കിയിട്ടുണ്ട് (പ്രവൃത്തി 2:7). എല്ലാ ദേശക്കാരും യെരുശലേമിൽ കൂടി വരികയും അവിടെ

നിന്നു ദൈവത്തിന്റെ ഉപദേശം പുറപ്പെടുകയും ചെയ്തു.

**പ്രദേശത്തിന്റെ അതിർത്തി**

രാജ്യത്തിന്റെയും സഭയുടേയും വ്യാപ്തി നോക്കുകയാണെങ്കിൽ ഒന്നു തന്നെ. പ്രവാചകൻ റോമാ രാജ്യക്കാരെ കുറിച്ചു പറഞ്ഞിട്ടു, ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ പിതാവു, ഒരു നാളും നശിച്ചു പോകാത്ത എന്നേക്കുമുള്ള രാജ്യം സ്ഥാപിക്കും എന്നും അതു മറ്റൊരു ജാതിക്കും ഏല്പിച്ചു കൊടുക്കയില്ല എന്നും പറഞ്ഞിരിക്കുന്നു (ദാനിയേൽ 2:44). സഭ എന്ന രാജ്യം ഇളകാത്തതാണെന്നു എബ്രായ ലേഖകൻ പറയുന്നു (എബ്രായർ 12:23, 28).

**സ്ഥാപനത്തിന്റെ ഉടമസ്ഥനും ഭരിക്കുന്നവനും**

എന്റെ രാജ്യം ഐഹികമല്ല എന്നു പിലാത്തോസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറഞ്ഞു (യോഹന്നാൻ 18:36). രാജ്യത്തിന്റെ രാജാവ് യേശുക്രിസ്തുവാണ്, സഭയുടെ തലയും ക്രിസ്തു തന്നെ (കൊലൊസ്സ്യർ 1:13, 18). അവൻ രാജാധി രാജാവും കർത്താധി കർത്താവുമാണ് (1 തിമൊഥെയോസ് 6:15). ദാവീദിന്റെ സിംഹാസനത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തു ഇരിക്കും എന്നു പറഞ്ഞിരുന്നു (പ്രവൃത്തി 2:29 -31). ക്രിസ്തു, രാജ്യമാകുന്ന സഭയെ വാഴുന്നു. അവൻ വീണ്ടും വന്നു രാജ്യം പിതാവിനെ ഏല്പിക്കുന്നതു വരെ അതു തുടരും (1 കൊരിന്ത്യർ 15:24-25). ഭരിക്കുന്നത് പുതിയ നിയമം അനുസരിച്ചാണ്. സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ നിയോഗിച്ചതു അതുകൊണ്ടാണ് (ലൂക്കൊസ് 24:47). താക്കോലും നല്കി ദൈവ രാജ്യമാകുന്ന സഭയിലേക്കു പ്രവേശനത്തിനു (മത്തായി 16:18-19).

**രാജ്യത്തിലും സഭയിലും എങ്ങനെ പ്രവേശിക്കാം?**

വീണ്ടും ജനനത്താൽ ആണെന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 3:3-5). ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി (2 കൊരിന്ത്യർ 5:17). ക്രിസ്തുവിനോടു ചേരുന്നതു സ്നാനത്താലത്രെ (ഗലാത്യർ 3:26-27). സഭയിൽ ചേർക്കപ്പെട്ടവർ മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനം ഏറ്റവരാണ് (പ്രവൃത്തി 2:38). വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം ഈ

സ്ഥാപനത്തിലേക്കു പ്രവേശിക്കുന്നതിനു ആവശ്യമാണ്. ഇതിൽ അംഗത്വം നല്കുന്നത് ദൈവമാണ്. പ്രവേശിച്ച അംഗങ്ങൾക്കു ദൈവം അത്താഴം ഒരുക്കിയിരിക്കുന്നു (1 കൊരിന്ത്യർ 11:23-27). കർത്താവ് വീണ്ടും വരുന്നതു തന്റെ സഭയാകുന്ന രാജ്യത്തെ പിതാവിനു ഏല്പിച്ചു കൊടുക്കുന്നതിനാണ്. സ്വർഗ്ഗരാജ്യത്തിൽ എന്നേക്കും ദൈവവുമായി വസിക്കുവാൻ, നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ആ അനുഗ്രഹിക്കപ്പെട്ട സ്ഥലത്തു വസിക്കുവാൻ ദൈവകല്പനകൾ നിങ്ങൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക. കാരണം നാളെ നമ്മുടേതല്ലല്ലൊ. അവസരം ദൈവം നല്കിയിരിക്കുന്നത് ഇപ്പോഴാണ് എന്നോർക്കുക.

★

# എന്തു പ്രമാണമാണ് നാം അനുസരിക്കേണ്ടത്

## ഗ്യാരി. സി. ഹാമ്ടൺ

സംസാരിച്ചു തുടങ്ങിയ കുട്ടികളുമായി കുറച്ചു സമയം ചെലവഴിച്ചാൽ അവരിൽ നിന്നു ഉയരുന്ന ചോദ്യം ഇങ്ങനെയായിരിക്കും. എന്താണ് കാരണം? അല്ലെങ്കിൽ അതെന്താണങ്ങനെ? എന്നു ചോദിച്ചു കൊണ്ടേയിരിക്കും. അറിയുവാനുള്ള ഉത്കണ്ഠ അവർക്കു അധികം ആയിരിക്കും. പ്രായപൂർത്തിയെത്തുമ്പോഴേക്കും ഈ ത്വര കുറഞ്ഞു വരുന്നതായും നമുക്കു മനസിലാക്കാം. അടിസ്ഥാനപരമായ പല പ്രധാന ചോദ്യങ്ങളിലും ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ് എന്തു കൊണ്ടു എന്നത്. ഒരു സ്ത്രീയുടെയോ പുരുഷന്റെയോ വിശ്വാസത്തിൽ പ്രത്യേകിച്ചും ഇതു വാസ്തവമാണ്. എന്തുകൊണ്ടാണ് പല വ്യക്തികളും കൂട്ടങ്ങളും വിവിധ വിശ്വാസങ്ങളിലും ഉപദേശങ്ങളിലും ആയിരിക്കുന്നത്? പലപ്പോഴും അതിനു കിട്ടുന്ന ഉത്തരം, അവരുടെ സമുദായം അല്ലെങ്കിൽ സഭ അവരെ പഠിപ്പിച്ചിരിക്കുന്ന നിയമാവലി അതാണ് എന്നതായിരിക്കും.

### വിശ്വാസ പ്രസ്താവനയാണ് മത ധർമ്മം

മതപരമായ ധർമ്മം എന്നത് വിശ്വാസ പ്രമാണം എന്നറിയപ്പെടാനുള്ള കാരണം അതിന്റെ അർത്ഥം ഉൾക്കൊണ്ടു കൊണ്ടാണ്. ഞാൻ

വിശ്വസിക്കുന്നു എന്ന അർത്ഥമാണ് അതിനുള്ളത് മതപരമായ ഒരു പ്രസ്താവനയിൽ ഉള്ള വിശ്വാസം. എല്ലാവർക്കും മതപരമായ നിയമാവലികൾ അടങ്ങുന്ന വിശ്വാസ പ്രമാണം അഥവാ മത ധർമ്മം ഉണ്ട്. ഇതു ആളുകൾക്കു ലഭിച്ചിരുന്നതു ഒരു വ്യക്തിയിൽ നിന്നാകാം. അല്ലെങ്കിൽ ഒന്നിലധികം പേരുള്ള സമിതിയിൽ നിന്നാകാം. എങ്ങനെയായാലും അതു വിശ്വാസപ്രസ്താവന തന്നെയാണ്. വിശ്വാസ പ്രമാണം കാനോൻ, കാറ്റക്കിസം, പ്രാർത്ഥനാക്രമം, കുർബ്ബാനക്രമം എന്നിങ്ങനെ പല പേരുകളിൽ അതു അറിയപ്പെടുന്നു എന്നു മാത്രം. പാരമ്പര്യമായി ആളുകൾ ഇവയെ പിൻപറ്റിക്കൊണ്ടിരിക്കയാണ്.

മനുഷ്യർ ദൈവത്തിനു വേണ്ടി നിയമാവലികൾ ഉണ്ടാക്കുകയാണെങ്കിൽ അതു ദൈവത്തേയും തന്റെ വചനത്തേയും തുച്ഛീകരിക്കുന്നതിനു തുല്യമാണ്. ഇതാണ് ഇന്നത്തെ മതപരമായ എല്ലാ വിഭാഗങ്ങളെയും ബാധിച്ചിരിക്കുന്നത്. ദൈവത്തിന്റെ പരമാധികാരമായ തിരുവെഴുത്തുകളെ അങ്ങനെ തന്നെ സ്വീകരിക്കാതെ മാനുഷിക ബുദ്ധിക്കു ഉചിതമായ തീരുമാനങ്ങളെ പ്രമാണങ്ങളാക്കി മതപരമായ ആചാരമാക്കി മാറ്റിയിരിക്കയാണ്. ഒരുത്തൻ പ്രസംഗിക്കുന്നുവെങ്കിൽ അവൻ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കട്ടെ എന്ന് അപ്പൊസ്തലനും ഇതേപോലെ വ്യക്തമായി പറയുന്നുണ്ട്. യേശുക്രിസ്തുവിൽ നിന്നു ലഭിച്ചതായ ഏക സുവിശേഷം അറിയിച്ചു കഴിഞ്ഞ ശേഷം പറയുന്നതു: ഇനി ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ മറ്റൊരു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നത്രെ (ഗലാത്യർ 1:6-9). മനുഷ്യരുടെ വിശ്വാസ പ്രമാണവും നിയമാവലികളും ആവശ്യമില്ലാത്തതാണെന്നു മാത്രമല്ല; അതു അപകടകരവുമാണ്. നിർമ്മിതമായ പ്രമാണങ്ങൾ ഉള്ളവർ, തങ്ങളുടെ നിയമാവലികൾ ബൈബിളിനോട് യോജിക്കുന്നതാണെന്നു അവകാശപ്പെടുകയാണെങ്കിൽ പിന്നെ അങ്ങനെയുള്ള നിയമാവലികൾ എന്തിന്? ബൈബിൾ മതിയല്ലോ.

സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു കർത്താവു അരുളി ചെയ്തു (യോഹന്നാൻ 8:32). യേശുക്രിസ്തു സംസാരിച്ച സത്യമാണ് ആളുകൾ കണ്ടെത്തേണ്ടത്. അതു അറിയുമ്പോഴാണ് ജീവിതത്തിൽ മാറ്റമുണ്ടാകു

ന്നത്. യേശുവിന്റെ പ്രാർത്ഥന യോഹന്നാൻ 17-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിന്റെ വചനത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യമാകുന്നു എന്നാണ്.

✶

# നിങ്ങൾ നിങ്ങളുടെ കടമ ചെയ്യുന്നുവോ?

## *W.A.* ഫോളെ

നല്ലൊരു ഭരണ തന്ത്രജ്ഞനായിരുന്നു ശലോമോൻ. അവനു കിട്ടിയ ജ്ഞാനം ദൈവത്തിന്റേതായിരുന്നു. തന്റെ കടമ ഉത്തരവാദിത്വത്തോടെ അവൻ നിർവ്വഹിക്കുകയും മറ്റുള്ളവരെ ഓരോ ജോലി ഏല്പിക്കുന്നതും ആ വിധത്തിൽ തന്നെയായിരുന്നു. വിവിധ ജോലികൾ ചെയ്യാൻ അവൻ ആളുകളെ തിരഞ്ഞെടുക്കുന്നുമുണ്ട്. ഓരോ ജോലി അവരെ ഏല്പിക്കുന്നതും ആ വിധത്തിൽ തന്നെയായിരുന്നു. ഓരോ ദിവസവും നിർവ്വഹിക്കേണ്ട ജോലിയുമുണ്ടായിരുന്നു (2 ദിനവൃത്താന്തം 8:14).

ദൈവ മഹത്വം വർദ്ധിപ്പിക്കേണ്ടതിനു വേണ്ടിയാണ് കടമകൾ എല്ലാം വെച്ചിരിക്കുന്നത്. ആകയാൽ നാം എന്തു തിന്നാലും കുടിച്ചാലും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക (1 കൊരിന്ത്യർ 10:31). പുകഴ്ച്ച കൊടുക്കേണ്ടതു ദൈവത്തിനായിരിക്കണം. അതു കൊണ്ടു തെറ്റു ചെയ്യുവാൻ മടിക്കും. പാപം ഒന്നും ഒരിക്കലും ദൈവത്തിനു പുകഴ്ച്ചയോ മഹത്വമോ കൊടുക്കുന്നില്ല. പിന്നെയോ അതു ദൈവത്തെ ദുഃഖിപ്പിക്കുകയും കോപിപ്പിക്കുകയും ചെയ്യും.

എന്റേയും നിങ്ങളുടേയും രക്ഷിതാവായ യേശുക്രിസ്തു പറഞ്ഞു: “നിങ്ങളും അങ്ങനെ നിങ്ങളോടു കല്പിച്ചതൊക്കെയും ചെയ്ത ശേഷം ഞങ്ങളോ പ്രയോജനമില്ലാത്ത ദാസന്മാർ ചെയ്യേണ്ടതു മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളു എന്നു പറവിൻ”. അതിന്റെ അർത്ഥം എന്തെന്നാൽ പ്രവൃത്തികൾ ചെയ്തിട്ടു അതിൽ നിന്നു പുകഴ്ച പ്രതീക്ഷിക്കരുത് എന്നതാണ്. നമ്മിൽ അതിൽ യാതൊരു യോഗ്യതയുമില്ല എന്നതാണു കാരണം. നമുക്കു പ്രശംസിപ്പാൻ നമ്മിൽ ഒന്നുമില്ല.

നമുക്കു കടമ ചെയ്യുവാനുള്ള കടപ്പാടാണുള്ളത്. ഏതൊരു

പ്രവൃത്തിയും ചെയ്യുന്നതിനു മുൻപ് മനുഷ്യ മനസിൽ ആദ്യം വരേണ്ടത് ഈ ബോധ്യമാണ്. നല്കപ്പെട്ട അവസരവും ഗതിയും അവയുടെ കാരണവും ഫലവും തിരിച്ചറിഞ്ഞു വേണം നാം പ്രവൃത്തിപ്പാൻ. നമുക്ക് കടപ്പാടുള്ളത് ആരോടാണെന്നു നാം മനസ്സിലാക്കണം. ദൈവത്തോടുള്ള കടപ്പാടു തിരിച്ചറിയാത്തതുകൊണ്ടാണ് പലരും ദൈവ കല്പനകൾ പ്രമാണിക്കാത്തത്.

ഒരാളുടെ ബന്ധങ്ങളുടെ പ്രത്യേകത അനുസരിച്ചു കടമകളെ തരംതിരിക്കാവുന്നതാണ്. കടമകൾ ഉൾപ്പെടുന്ന ബന്ധങ്ങളിൽ ചിലത് നമുക്കു നാമകരണം ചെയ്യാം. താഴെ പറയുന്ന കാര്യങ്ങളെ മനസിലാക്കുവാൻ ശ്രമിക്കുക.

1. നിങ്ങൾക്കു നിങ്ങളോടു തന്നെ ഒരു കടമയുണ്ട്. നിങ്ങൾ നിങ്ങളോടു സത്യസന്ധനാണോ? നിങ്ങൾക്ക് കഴിവുള്ള കാര്യങ്ങൾ നിങ്ങൾ ഏറ്റവും നന്നായി ചെയ്യുന്നുണ്ടോ? നിങ്ങൾ വിചാരിച്ചാൽ വാസ്തവത്തിൽ അതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുകയില്ലേ? നിങ്ങളെ നശിപ്പിക്കുന്ന രീതിയിൽ നിങ്ങളുടെ സ്വഭാവവും പ്രവൃത്തിയും നിങ്ങൾ പരിശീലിക്കാറുണ്ടോ? ഉദാഹരണമായി പറവാൻ പലതുണ്ട്. അവയിൽ ചിലത് മദ്യപാനം, വ്യഭിചാരം, കുലപാതകം, മോഷണം, മയക്കുമരുന്നു തുടങ്ങിയവയാണ്. മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയാണ് വേദപുസ്തകത്തിൽ ചെയ്യരുത് എന്നു പറഞ്ഞിരിക്കുന്നതെല്ലാം (പുറപ്പാട് 20-ാം അദ്ധ്യായം; റോമർ 13:9-11).

2. നിങ്ങൾക്കു നിങ്ങളുടെ ഭവനത്തോടു ഒരു കടമയുണ്ട്. “ഇതു നിമിത്തം വിവാഹത്താൽ പുരുഷൻ അപ്പനേയും അമ്മയേയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പറ്റിചേരും. അവർ ഇരുവരും ഒരു ദേഹമായി തീരും (മത്തായി 19:5; മർക്കോസ് 10:6-7). നമ്മൾ സമ്മതിക്കാൻ ഇഷ്ടപ്പെട്ടാലും ഒരു വലിയ മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനം തന്നെ കുടുംബമാണ്. ഇന്നു കുടുംബഘടന ദൈവഭക്തിയില്ലാത്ത, ദൈവത്തിനു സ്ഥാനമില്ലാത്ത വെറും മനുഷ്യ ശക്തിയാൽ രൂപപ്പെടുന്നവരായി മാറിയിരിക്കയാണ്. അതൊരു വലിയ തരം താഴ്ച്ചയാണ് എന്നു പറയാതിരിക്കാൻ നിർവ്വാഹമില്ല. അപ്പനും അമ്മയും ഇല്ലാതെ വളരുന്ന കുട്ടികളെയും അവരുടെ ജീവിത ശൈലിയേയും പരിശോധിച്ചാൽ വ്യക്തമാകും. ദിശാബോധമോ ലക്ഷ്യമോ ഇല്ലാതെ പ്രവൃത്തിക്കുന്ന വ്യക്തികളെ സമൂഹത്തിൽ വളർത്തുന്നത് ശാപമാണ്. ബാല്യത്തിൽ തന്നെ മാതാപിതാക്കൾ കുട്ടികൾക്ക് വേണ്ട

ഗുണപാഠങ്ങളും നീതിവഴികളും പറഞ്ഞുകൊടുക്കണം (സദൃശവാക്യങ്ങൾ 12:24; 19:18; 22:6; എഫെസ്യർ 6:1-4; കൊലൊസ്യർ 3:20-21).

കർത്താവിന്റെ ബാല ശിക്ഷയിലും പത്ഥ്യോപദേശത്തിലും കുട്ടികൾ നടക്കേണ്ട വഴി അവരെ അഭ്യസിപ്പിക്കണം. യേശുക്രിസ്തുവിനെ എടുത്താൽ അവൻ ജനിച്ചു വളർന്നതു ഒരു തച്ചന്റെ അഥവാ ആശാരിയുടെ ഭവനത്തിലായിരുന്നു (മത്തായി 13:55; മർക്കൊസ് 6:3; പ്രവൃത്തി 18:3). പൗലൊസ് വളർന്നതു കൂടാരപ്പണിക്കാരുടെ ഭവനത്തിലായിരുന്നു. ഒന്നു ചെയ്യാനില്ലാത്ത അവസ്ഥ ആർക്കും ഉണ്ടാകരുത്. പ്രത്യേകിച്ചു വളർന്നു വരുന്ന കുട്ടികൾക്ക്, അലസന്റെ മനസ് പിശാചിന്റെ പണിശാലയാണെന്നു പറഞ്ഞു കേട്ടിട്ടില്ലേ?

3. നിങ്ങൾക്കു നിങ്ങളുടെ ദേശത്തോടു ഒരു കടമയുണ്ട്. “സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു വെച്ചു രാജാവിനും ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിനും സൽപ്രവൃത്തിക്കാരുടെ മാനത്തിനുമായി അവനാൽ അയക്കപ്പെട്ടവർ എന്നുവെച്ചു നാടുവാഴികൾക്കും കീഴടങ്ങുവിൻ. നിങ്ങൾ നന്മ ചെയ്തുകൊണ്ടു ബുദ്ധിയില്ലാത്ത മനുഷ്യരുടെ ഭോഷത്വം മിണ്ടാതാക്കേണം എന്നുള്ളതു ദൈവേഷ്ടം ആകുന്നു. സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ. എല്ലാവരേയും ബഹുമാനിപ്പിൻ” (1 പത്രൊസ് 2:3-17).

ഒരു ദേശത്തെ നശിപ്പിക്കാനുള്ള ഏറ്റവും വേഗത്തിലുള്ള വഴി ഭരണ കർത്താക്കളിലുള്ള വിശ്വാസം ഇല്ലാതാക്കുകയാണ്. നേതാക്കന്മാരിലുള്ള വിശ്വാസം ഇല്ലാതായാൽ ജനങ്ങൾ ഇളകി മറിയും. നേതാക്കന്മാരെ അവർ അനുസരിക്കാതിരിക്കും. ദൈവ നിയമങ്ങൾക്കു വിധേയപ്പെടുന്ന ദേശത്തിനു കുഴപ്പമില്ല. അല്ലാത്ത ദേശത്തു എല്ലാം കുഴപ്പങ്ങൾ തന്നെ. ന്യായാധിപന്മാരുടെ കാലത്തു നടന്ന സംഭവങ്ങൾ ഇതു സ്ഥിരീകരിക്കുന്നു. ഇടയനില്ലാത്ത ആടുകൾ ചിതറിപ്പോകും; അവർക്കു തോന്നിയ ദിക്കിലേക്കു പോകും. അതുപോലെയാണ് ജനങ്ങളും. രാജാവോ നടത്തിപ്പുകാരനോ ഇല്ലെങ്കിൽ ആളുകൾ തങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യും; ക്രമമില്ലാത്ത ജീവിതം നയിക്കുന്നതിന്റെ ഒരു കാരണം അതായിരുന്നു (ന്യായാധിപന്മാർ 17:6-8; 1:9 ആവർത്തനപുസ്തകം 12:8). പൂർണ്ണാധികാരിയെ മാനിക്കയോ അനുസരിക്കയോ ചെയ്യാതെ ജീവിക്കുന്ന

ആളുകൾക്ക് അയ്യോ കഷ്ടം എന്നല്ലാതെ എന്തു പറയാൻ? (മത്തായി 28:18; കൊലൊസ്യർ 3:16–17). ഇന്നു ദൈവം തന്റെ ഭരണം നടത്തുന്നത് അവന്റെ വചനം മുഖാന്തരം ആകുന്നു (റോമർ 1:16; എബ്രായർ 1:1 –2; പ്രവൃത്തി 2:36–38).

4. കർത്താവിന്റെ സഭയോടു നിങ്ങൾക്കു ഒരു കടമയുണ്ട്. നിങ്ങളുടെ പ്രദേശത്തുള്ള ക്രിസ്തുവിന്റെ സഭയോടു നിങ്ങൾ ബന്ധം പുലർത്തണം. നിങ്ങൾക്കു സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചില്ലെങ്കിൽ, രക്ഷിക്കപ്പെട്ടില്ലെങ്കിൽ, സഭ നിങ്ങളെ അതിനു സഹായിക്കും (1 തിമൊഥെയൊസ് 2:4).

പുതിയ നിയമത്തിൽ രക്ഷയ്ക്കുള്ള സത്യവചനം നാം പരിശോധിച്ചു കണ്ടെത്തണം. സകല മനുഷ്യർക്കും അതാണ് ആവശ്യം. സകല മനുഷ്യരും രക്ഷപ്രാപിക്കയും ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവകൃപയാൽ സൗജന്യമായി വെച്ചിരിക്കുന്ന ഈ അനുഗ്രഹങ്ങൾ നിങ്ങൾ തള്ളിക്കളയുമോ? ഇപ്പോഴാകുന്നു രക്ഷാദിവസം, ഇപ്പോഴാകുന്നു സുപ്രസാദകാലം. നിങ്ങൾ ഇതു പ്രയോജനപ്പെടുത്തുക.

ഓരോരുത്തരും അവരവരുടെ കടമ നിർവ്വഹിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതിനാണ് തിരുവചനത്തിൽ അവന്റെ കല്പനകൾ വെളിപ്പെടുത്തിയിരിക്കുന്നത്. അവയെ ചോദ്യം ചെയ്യാതെ എല്ലാവരും വിശ്വാസപൂർവ്വം അനുസരിക്കണം. നിങ്ങൾ നിങ്ങളുടെ പാപമോചനത്തിനായി ദൈവകല്പനകൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ നിങ്ങൾ ഇന്നു തന്നെ ഹൃദയം കഠിനപ്പെടുത്താതെ അനുസരിക്കുവാൻ തയ്യാറാകണം. അതിനു തടസമായിരിക്കുന്നതിനെ എല്ലാം മാറ്റണം.

ഞാനും നിങ്ങളും കർത്താവിൽ വിശ്വസിക്കണം. അവൻ ദൈവത്തിന്റെ പുത്രനാണെന്നു തീർച്ചപ്പെടുത്തുക. പിന്നീടു നിങ്ങളുടെ പാപത്തിൽ നിന്നു പിന്തിരിഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും വേണം. അപ്പോൾ കർത്താവു നിങ്ങളെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കും. തുടർന്നു നിങ്ങൾ അവന്റെ സഭയിൽ വിശ്വസ്തമായി മരണപര്യന്തം ജീവിക്കുക. നിങ്ങൾ അതിനു നിങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കുമല്ലൊ.

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട് *M*

ദൈവത്തെ മഹത്വപ്പെടുത്തി പല ചോദ്യങ്ങൾക്കും നാം സ്വയം ഉത്തരം കണ്ടെത്തി തൃപ്തിയടയുന്നു എന്നതു പരമാർത്ഥമാണ്. വാസ്തവത്തിൽ ഏതൊരു സംശയനിവാരണത്തിനും ദൈവത്തോടാണ് ഉത്തരത്തിനായി അപേക്ഷിക്കേണ്ടത്. അപ്പോൾ നമുക്കു ശരിയായി സംശയത്തിന്റെ നിവാരണം വരുത്തുവാൻ കഴിയും. എഫെസ്യർ 4:6-ലെ 'ദൈവം ഒന്ന്' എന്ന പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്? ഐക്യത ആഗ്രഹിക്കുന്ന ഒരാൾ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട ഏഴ് ഏകത്വത്തെ കുറിച്ച് പരിശുദ്ധാത്മ നിയോഗത്താൽ അപ്പൊസ്തലൻ എഴുതുകയാണ്. ആ ഭാഗത്തിന്റെ അവസാനം പൗലൊസ് പറഞ്ഞിരിക്കുന്നതു: എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി ഒരുവൻ എന്നാണ് (എഫെസ്യർ 4:6). ആത്മിക ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കാൻ പര്യാപ്തമാണ്.

നിത്യജീവന്നായുള്ള പ്രത്യാശ ഒന്നു മാത്രമാണുള്ളത്. ഒരാൾക്കു അവസാനത്തോളവും ഉറച്ചു നില്ക്കാൻ പ്രേരിപ്പിക്കുന്നതു അന്ത്യഫലത്തെ കുറിച്ചുള്ള ബന്ധമാണ്. എന്നാൽ പ്രത്യാശയുടെ കാഴ്ച്ചപ്പാട് നഷ്ടപ്പെടുന്നവർ അവരുടെ വിശ്വാസക്കപ്പൽ താഴ്ത്തിക്കളയും. ഒരാളുടെ വിശ്വസ്തതയ്ക്കു ഭംഗം നേരിടുമ്പോൾ അയാൾക്കു ദൈവവുമായുള്ള ബന്ധം നഷ്ടമാകുന്നു. ചിലരുടെ പ്രത്യാശ ക്ഷണഭംഗുരമായ വസ്തുതകളിലാണ്. വേറെ ചിലർ രാഷ്ട്രീയ ശക്തിയായി തീരാൻ ഉദ്യമിച്ച് കാത്തിരിക്കുന്നു. കുപ്രചാരത്തിനായി സാഹസികത പ്രവർത്തിച്ച് കാത്തിരിക്കുന്നവരുമുണ്ട്. സൂര്യനു കീഴിലുള്ള എന്തിലും ആശ വെച്ച് കഴിയുന്നവരാണ് മനുഷ്യരിൽ ചുരുക്കം ചിലർ. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അയാളുടെ പ്രത്യാശ നിത്യജീവനാണ്. സ്വർഗ്ഗീയ നഗരത്തിനായി കാത്തിരുന്ന അബ്രഹാമിനെപ്പോലെയാണവർ (എബ്രായർ 11:10-16). നിങ്ങൾ നിൽക്കുന്ന പ്രത്യാശയിലേക്ക് പ്രവേശിച്ചില്ലെങ്കിൽ ഇന്നു ഏല്പിക്കുക.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!